بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khuthba Khulasa 07.09.18 ഖുത്ബ സംഗ്രഹം

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്

07.0918 ന് കാൽസുറെ, ജർമനിയിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം

**ഇത് തീർത്തും ഒരാത്മീയ ജൽസയാണെന്ന കാര്യം ഓരോരുത്തരും സ്വമനസ്സുകളിൽ രൂഢമൂലമാക്കുക. നാം തഖ്‌വയിൽ മുന്നേറുന്നതിനും ദൈവവുമായി ബന്ധം സ്ഥാപിക്കുന്നതിനും അതിൽ പുരോഗതി പ്രാപിക്കുന്നതിനും വേണ്ടിയാണ് ഇതു സംഘടിപ്പിക്കുന്നത്.**

**ഏറ്റവും ആദ്യം പ്രവർത്തകരെ അല്ലെങ്കിൽ ആതിഥേയരെ ഉണർത്താനാണ് ഞാനാഗ്രഹിക്കുന്നത്. തങ്ങളുടെ വികാരങ്ങളെ നിയന്ത്രിക്കുക. ഏതവസ്ഥയിലും അതിഥികളുടെ കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്. മൃദുലമായി അവരോടു പെരുമാറുക. വിനയം കാണിക്കുകയും ചെയ്യുക.**

**ഈ ജൽസയിൽ പങ്കെടുക്കുന്നത് ഹൃദയത്തിൽ തഖ്‌വ സംജാതമാക്കുകയും തങ്ങളുടെ വൈജ്ഞാനികവും കർമപരവും ആദ്ധ്യാത്മികവുമായ ഉന്നമനത്തിനു വേണ്ടിയാണെന്ന കാര്യം ഓരോ അതിഥിയും ഓർക്കണം. ഈയൊരു ലക്ഷ്യം മുന്നിലുണ്ടെങ്കിൽ ഒരുവിധത്തിലുള്ള പരാതിയോ പരിഭവമോ ഉണ്ടാകുന്നതല്ല; പ്രവർത്തകരോട് വിശേഷിച്ചും.**

തശഹ്ഹുദും തഅവ്വുദും സൂറ ഫാതിഹയും ഓതിയതി നു ശേഷം സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാ പറഞ്ഞു:

അൽഹംദുലില്ലാഹ്, അഹ്മദിയ്യാ ജമാഅത്ത് ജർമനിയുടെ ജൽസ സാലാന ഇന്നുമുതൽ ആരംഭിക്കുകയാണ്. അല്ലാഹു നമുക്ക് ഒരു ജൽസ സാലാനയിൽ കൂടി പങ്കെടുക്കാനുള്ള തൗഫീഖ് തന്നരുളുന്നു. എന്താണ് ജൽസ സാലാന? ജൽസ സാലാനയുടെ ഉദ്ദേശ്യം വിവരിച്ചു കൊണ്ട് വാഗ്ദത്ത മസീഹ്(അ) പറഞ്ഞത് ഈ ജൽസ ഒരു ഭൗതികമേളയല്ല എന്നാണ്. ഇവിടെ ഒരുമിച്ചു കൂടിയിരിക്കുന്നത് വല്ല ഭൗതിക ലക്ഷ്യത്തിനോ അംഗബലം കാണിക്കാനോ ലോകത്തിനു മേൽ വല്ല ഭൗതികപ്രഭാവം ചെലുത്താനോ വേണ്ടിയല്ല. ഇവിടെ സമ്മേളനത്തിനു വരുന്നവർ അല്ലാഹുവിനു വേണ്ടി മാത്രമായിരിക്കണം വരുന്നത്. തങ്ങളുടെ വൈജ്ഞാനികവും ആത്മീയവുമായ ദാഹത്തെ ശമിപ്പിക്കുന്നതോടൊപ്പം അല്ലാഹുവിന്റെ അടിയാറുകളോടുള്ള അവകാശങ്ങൾ നിറവേറ്റാൻ ശ്രമിക്കുകയും ചെയ്യേണ്ടതാണ്. എന്നാൽ, ദു:ഖകരമെന്നു തന്നെ പറയട്ടെ, ചിലർ ഇവിടെ ജൽസയിൽ പങ്കെടുക്കാൻ വരുന്നുണ്ടെങ്കിലും ചില സുഹൃത്തുക്കളെ കാണുകയും ജോലിസംബന്ധമായ സംഭാഷണം നടത്തുകയുമല്ലാതെ ഒന്നും കരസ്ഥമാക്കുന്നില്ല. അത്തരം ആളുകൾ പ്രശ്നങ്ങൾ സൃഷ്ടിക്കുകയും യുവാക്കളെയും കുട്ടികളെയും വേദനിപ്പിക്കാൻ അതു നിമിത്തമാവുകയും ചെയ്യുന്നു. വെറുപ്പുളവാക്കുന്ന പ്രവൃത്തികൾ ചെയ്യുന്നവർ പോലുമുണ്ട്. തങ്ങളെ ആരും കാണുന്നില്ല എന്നവർ വിചാരിക്കുന്നു. അല്ലാഹു സദാ നമ്മെ കാണുന്നുണ്ടെന്ന് നാം ഓർക്കണം. അതുകൊണ്ട് ഒന്നാമതായി ഇന്നെനിക്ക് നിങ്ങളോട് പറയാനുള്ളത് ഇത് തീർത്തും ഒരാത്മീയ ജൽസയാണെന്ന കാര്യം ഓരോരുത്തരും സ്വമനസ്സുകളിൽ രൂഢമൂലമാക്കുക എന്നാണ്. നാം തഖ്‌വയിൽ മുന്നേറുന്നതിനും ദൈവവുമായി ബന്ധം സ്ഥാപിക്കുന്നതിനും അതിൽ പുരോഗതി പ്രാപിക്കുന്നതിനും വേണ്ടിയാണ് ഇതു സംഘടിപ്പിക്കുന്നത്. ജൽസയുടെ ഉദ്ദേശ്യലക്ഷ്യമായി വാഗ്ദത്ത മസീഹ്(അ) പറഞ്ഞിരിക്കുന്നത് തഖ്‌വയാണ്. തഖ്‌വയെസ്സംബന്ധിച്ച് ഉപദേശിച്ചു കൊണ്ട് അവിടുന്ന് പറഞ്ഞു:

"എല്ലാ സംഗതികളുടെയും വേരാണ് തഖ്‌വ. സൂക്ഷ്മാൽ സൂക്ഷ്മങ്ങളായ പാപങ്ങളിൽ നിന്നും വിട്ടു നില്ക്കുക എന്നാണ് അതിനർഥം. ഏതെങ്കിലും കാര്യത്തിൽ(അതു തിന്മയാണോ എന്ന്) സംശയം ജനിക്കുന്നെങ്കിൽ അതിനെയും വർജ്ജിക്കുക. ഇതിനെയാണ് തഖ്‌വ എന്നു പറയുന്നത്."

ഹുസൂർ തിരുമനസ്സ് പറഞ്ഞു: ഇനി ഓരോരുത്തരും ഒന്നു പരിശോധിച്ചാൽ അതു സ്വയം തന്നെ ഒരു വിലയിരുത്തലാകും. ഈ നിർവചനമനുസരിച്ച് സൂക്ഷ്മാൽ സൂക്ഷ്മങ്ങളായ പാപങ്ങളിൽ നിന്ന് വിട്ടു നില്ക്കാൻ നാം ശ്രമിക്കാറുണ്ടോ? സംശയാസ്പദമായ കാര്യങ്ങളിൽ നിന്ന് വിട്ടു നില്ക്കാൻ ശ്രമിക്കാറുണ്ടോ? ഇല്ലെങ്കിൽ പ്രസംഗം കേൾക്കുകയും താത്കാലികാവേശം കാണിക്കുകയും മുദ്രാവാക്യം മുഴക്കുകയും ചെയ്യുന്നത് നിരർഥകമാണ്.

വാഗ്ദത്ത മസീഹ്(അ) പറയുന്നു: വിഷവും വിഷസംഹാരിയും ശരീരത്തിൽ ഉടൻ സ്വാധീനം ചെലു

ത്തുന്നതു പോലെ തഖ്‌വയുടെ സദ്ഫലങ്ങൾ ഇഹലോകത്തു തന്നെ മുത്ത ഖിക്ക് ലഭിക്കാൻ തുടങ്ങുന്നു.

ഹുസൂർ തിരുമനസ്സ് പറഞ്ഞു: തഖ്‌വയിൽ ചരിക്കുന്ന മനുഷ്യനിൽ അതിന്റെ പ്രഭാവം പ്രകടമാകാതിരിക്കുക സംഭവ്യമേയല്ല. തഖ്‌വയിൽ ചരിക്കുന്നവൻ ഒരിക്കലും തിന്മയെ സമീപിക്കുകയില്ല.

വാഗ്ദത്ത മസീഹ്(അ) പറയുന്നു: ലോകത്ത് നഷ്ടപ്പെട്ടുപോയ യഥാർഥ ദൈവിക ജ്ഞാനം വീണ്ടും സ്ഥാപിക്കുക എന്ന ലക്ഷ്യത്തിനു വേണ്ടിയാണ് അല്ലാഹു ഈ ജമാഅത്ത് സ്ഥാപിച്ചിരിക്കുന്നത്. അതുകൊണ്ടാണ് ഞാനിത് ആവർത്തിച്ച് നിങ്ങളോടു പറയുന്നത്.

ഹുസൂർ അൻവർ പറഞ്ഞു: അതുകൊണ്ട് ദൈവേച്ഛപ്രകാരം തഖ്‌വയും പരിശുദ്ധിയും അവലംബിക്കാൻ ശ്രമിക്കുന്നവരാണ് വിജയിക്കുക. വാഗ്ദത്തമസീഹിന്റെ കണ്ണിൽ അവർ മാത്രമാണ് യഥാർഥ അഹ്മദികൾ. ഈ ജൽസയുടെ ലക്ഷ്യം കരസ്ഥമാക്കുന്നവരും അവർ തന്നെ.

ഹുസൂർ തിരുമനസ്സ് പറഞ്ഞു: ജൽസയിൽ പങ്കെടുക്കുന്ന രണ്ടു കൂട്ടരും, അവർ ആതിഥേയരാവട്ടെ അതിഥികളാവട്ടെ, ഈ മാനദണ്ഡപ്രകാരം തങ്ങളെ വിലയിരുത്തേണ്ടതുണ്ട്. ഇരുകൂട്ടരിലും തഖ്‌വയുണ്ടെങ്കിൽ ഈ പ്രത്യേകതകൾ അവരിൽ സംജാതമാകുന്നതാണ്. അതുകൊണ്ട് ഇതു സംബന്ധമായി ഇരുകൂട്ടരുടെയും ഉത്തരവാദിത്തങ്ങളെയും ചുമതലകളെയും കുറിച്ച് ഞാനല്പം ഉണർത്തുകയാണ്. ഈ ഗുണങ്ങൾ സംജാതമായാൽ ജൽസയുടെ അന്തരീക്ഷം സന്തോഷപ്രദമാകുന്നതോടൊപ്പം ജൽസയിൽ വരുന്നതിന്റെ ലക്ഷ്യം പൂർത്തിയാവുകയും ചെയ്യുന്നതാണ്.

ഏറ്റവും ആദ്യം പ്രവർത്തകരെ അല്ലെങ്കിൽ ആതിഥേയരെ ഉണർത്താനാണ് ഞാനാഗ്രഹിക്കുന്നത്. അവർ ഈ ഗുണങ്ങൾ സവിശേഷമായ നിലയിൽ തങ്ങളുടെ ഉള്ളിൽ സംജാതമാക്കാൻ ശ്രമിക്കുക. തങ്ങളുടെ വികാരങ്ങളെ നിയന്ത്രിക്കുക. ഏതവസ്ഥയിലും അതിഥികളുടെ കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്. മൃദുലമായി അവരോടു പെരുമാറുക. മൃദുലമായി പെരുമാറുകയും വിനയം കാണിക്കുകയും ഏതവസ്ഥയിലും അതിഥികളുടെ കാര്യങ്ങൾ ശ്രദ്ധിക്കുകയും ചെയ്യുക എന്നതാണ് ഭാര്യവാഹികളുടെയും പ്രവർത്തകരുടെയും പ്രഥമ കർത്തവ്യം.

ഇനി പ്രവർത്തകരുടെ പരസ്പരമുള്ള ബന്ധത്തിൽ സ്നേഹവും ആത്മാർഥതയും സാഹോദര്യവും ഉണ്ടായിരിക്കണം. അതിഥികളോടും പരസ്പരമുള്ള ബന്ധത്തിലും അതുണ്ടായിരിക്കണം. ജോലി ചെയ്യുന്ന നേരത്ത് പരസ്പരം ദേഷ്യപ്പെടുകയാണെങ്കിൽ അതിഥികളിൽ അത് തെറ്റായ മനോഭാവം സൃഷ്ടിക്കും. പ്രവർത്തകരും ഒരു കാര്യം ഓർക്കേണ്ടതാണ്. കുറച്ചു ദിവസത്തേക്ക് അവർ തങ്ങളെ സേവനത്തിനായി സമർപ്പിച്ചിരിക്കുകയാണ്. വാഗ്ദത്ത മസീഹിന്റെ അതിഥികളെ സേവിക്കുക എന്ന മഹോന്നത സ്ഥാനം ആ സേവനത്തിനുണ്ട്. അതുകൊണ്ട് നിങ്ങളുടെ പെരുമാറ്റം അതിഥികൾക്കും പ്രവർത്തകർക്കും പ്രയാസമുണ്ടാക്കുന്നതാകരുത്.

അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു: **ഖൂലുലിന്നാസി ഹുസ്നാ.** അതായത് ജനങ്ങളോട് നല്ല നിലയിൽ പെരുമാറുക. ധാർമികനിലവാരം സ്ഥാപിക്കുന്നതിനു വേണ്ടിയാണ് അല്ലാഹു ഇത് പറഞ്ഞിരിക്കുന്നത്. എപ്പോഴും ഉന്നത സ്വഭാവഗുണങ്ങൾ പ്രകടിപ്പിക്കേണമെന്നത് ഒരു വിശ്വാസിയോടുള്ള പൊതുവായ നിർദേശമാണ്. ജൽസയിലെ അതിഥികളെ സേവിക്കാൻ തങ്ങളെ സമർപ്പിച്ചിട്ടുള്ള പ്രവർത്തകർ പ്രത്യേകിച്ചും ഇത് അവലംബിക്കേണ്ടതാണ്. ആരെങ്കിലും തെറ്റായ നിലയിൽ അല്ലെങ്കിൽ കാർക്കശ്യത്തോടെ സംസാരിച്ചാൽ, പ്രവർത്തകർ മൃദുലമായും ഉന്നതസ്വഭാവഗുണങ്ങളോടുമാണ് പ്രതികരിക്കുന്നത് എന്നു കാണുമ്പോൾ ആ കർമമാതൃക സ്വയം തന്നെ മോശമായി സംസാരിച്ച വ്യക്തിക്ക് തെറ്റു ബോധ്യപ്പെടുത്തിക്കൊണ്ട് അയാളുടെ സംസ്കരണത്തിന് കാരണമായിത്തീരുന്നതാണ്. തുലാസിൽ സദ്സ്വഭാവങ്ങളേക്കാൾ കൂടുതൽ ഭാരമുള്ള മറ്റൊന്നില്ല എന്ന് നബി(സ) തിരുമേനി പറഞ്ഞിട്ടുണ്ട്.

അതുകൊണ്ട് ഓരോ പ്രവർത്തകനും വളരെ കണിശമായിത്തന്നെ പുലർത്തേണ്ട പ്രഥമസംഗതി ഉന്നതസ്വഭാവഗുണങ്ങളാണ്. നോക്കുക എത്രമാത്രം മെച്ചപ്പെട്ട ഇടപാടാണിത്. ഡ്യൂട്ടിയുടെ സമ്മർദ്ദം കാരണം അല്ലെങ്കിൽ അതി ഥികളുടെ അങ്ങേയറ്റം മോശമായ പെരുമാറ്റം കാരണമാണ് താൻ ദേഷ്യപ്പെട്ടതെന്ന് ആരെങ്കിലും പറയുന്നെങ്കിൽ നമ്മുടെ യജമാനരും മാർദർശിയുമായ മുഹമ്മദ് നബി(സ) യിലേക്ക് നോക്കുക. ആ പുണ്യാത്മാവ് നിങ്ങൾക്ക് ഉന്നത മാതൃകയാണ് എന്നാണ് അല്ലാഹു പറഞ്ഞിരിക്കുന്നത്. തിരുമേനിക്ക് ഏല്ക്കേണ്ടി വന്നിട്ടാത്ത വല്ല ബുദ്ധിമുട്ടും ഉണ്ടായിരുന്നോ? അവിടുന്ന് അനുഭവിച്ചിട്ടില്ലാത്ത വല പ്രയാസവും ഉണ്ടായിരുന്നോ? എന്നിട്ടും സഹാബാക്കൾ പറയുന്നത് മറ്റാരേക്കാളും കൂടുതൽ പുഞ്ചിരിച്ചിരുന്നത് നബി(സ)തിരുമേനിയായിരുന്നു എന്നാണ്. ഇതാണ് നമ്മുടെ യജമാനരും മാർഗദർശിയുമായ മുഹമ്മദ് നബി(സ)യുടെ മാതൃക.

ഹുസൂർ തിരുമനസ്സ് പറഞ്ഞു: അതിഥികളോട് നല്ല രീതിയിൽ വർത്തിക്കുന്നതിനെപ്പറ്റി വാഗ്ദത്ത മസീഹ്(അ) നല്കിയിട്ടുള്ള ഉപദേശങ്ങളും പ്രവർത്തകർ മുന്നിൽ വെയ്ക്കേണ്ടതാണ്. അതിഥിയുടെ മനസ്സ് പളുങ്കു പൊലെയാണെന്ന് അവിടുന്ന് പറഞ്ഞു. ചെറിയ ക്ഷതമേറ്റാൽ മതി അതു പൊട്ടിപ്പോകും. അതിഥികളെ സേവിക്കുന്നവർക്ക് പൊതുനിർദേശം നല്കിക്കൊണ്ട് അവിടുന്ന് പറഞ്ഞു: നോക്കുക, അതിഥികൾ ഒരുപാട് എത്തിയിരി

ക്കുന്നു. അവരിൽ നിങ്ങളറിയുന്നവരും നിങ്ങൾക്ക് പരിചയമില്ലാത്തവരും ഉണ്ടാകും അതുകൊണ്ട് എല്ലാവരെയും ആദരണീയരായി മനസ്സിലാക്കി അവരെ സത്ക്കരിക്കുക. അതിഥിസത്കാരത്തിൽ ഒരു വിധത്തിലുള്ള വിവേചനവും പാടില്ല. പരിചയമുള്ളവരുടെ കാര്യങ്ങൾ ശ്രദ്ധിക്കുകയും പരിചയമില്ലാത്തവരെ ശ്രദ്ധിക്കാതിരിക്കുകയും അവരോട് പരുഷമായി പെരുമാറുകയും ചെയ്യുന്ന അവസ്ഥയുണ്ടാകരുത്. ഇക്കാര്യത്തിലും നാം നമ്മുടെ ഉത്തരവാദിത്തങ്ങൾ മനസ്സിലാക്കേണ്ടതാണ്. അനഹ്മദികളായ അതിഥികൾ വരുമ്പോൾ വിശേഷിച്ചും. ജൽസ യിൽ പങ്കെടുക്കുന്ന അഹ്മദിയും പ്രവർത്തകനും ഇസ്‌ലാ മിന്റെ സുന്ദരധ്യാപനങ്ങൾ പ്രയോഗവത്ക്കരിക്കുന്നതിലൂടെ അനഹ്മദി അതിഥികൾക്കുവേണ്ടി അത് തബ്‌ലീഗിനുള്ള മാർഗമായിത്തീരുന്നു.

ഇങ്ങനെ നോക്കുമ്പോൾ പങ്കെടുക്കുന്നവരും ഡ്യൂട്ടി ചെയ്യുന്നവരുമായ നിങ്ങളെല്ലാം മൗനപ്രബോധനമാണ് ചെയ്യുന്നത്. ഓരോ വകുപ്പും പ്രധാനപ്പെട്ടതാണെന്ന് ഓരോ പ്രവർത്തകനും ഓർക്കണം. ഞാൻ പറഞ്ഞതുപോലെ, ട്രാഫിക് കണ്ട്രോളിന്റെ ജോലിയാകട്ടെ, പാർക്കിംഗിന്റെ വകുപ്പാകട്ടെ, രജിസ്ട്രേഷന്റെയും സ്കാനിംഗിന്റെയും വകുപ്പാകട്ടെ, ഭക്ഷണം പാകം ചെയ്യുകയും വിളമ്പുകയും ചെയ്യുന്നതിന്റെ വകുപ്പാകട്ടെ, ശുചിത്വത്തിന്റെ വകുപ്പാകട്ടെ, ഡിസിപ്ലിൻ സ്ഥാപിക്കുന്നതിന്റെ വകുപ്പാകട്ടെ, ഓരോ വകുപ്പും അതിഥികളെ സേവിക്കുക മാത്രമല്ല, മൂകതബ്‌ലീഗും കൂടി ചെയ്യുന്നുണ്ട്. ആകയാൽ, സ്വന്തം ഡ്യൂട്ടികളുടെ പ്രാധാന്യം തിരിച്ചറിയുക. അച്ചടക്കം സ്ഥാപിക്കുമ്പോഴും മുഖത്ത് പരുഷഭാവം പ്രതിഫലിപ്പിച്ചേ മതിയാകു എന്നില്ല. സ്ത്രീകളിൽ, പ്രത്യേകിച്ചും യു.കെ. ജൽസയിലെ വനിതാഹാളിൽ പെൺകുട്ടികളാണ് അച്ചടക്കം കൈകാര്യം ചെയ്തിരുന്നത്. പ്രസന്നമുഖത്തോടെയാണ് അവർ അതു നിർവ്വഹിക്കുന്നത്. അതുപോലെത്തന്നെ ഭക്ഷണം വിളമ്പുന്നിടത്തും പ്രത്യേക ശ്രദ്ധ വേണം. നിർബന്ധസാഹചര്യത്താലോ, രോഗിയായതിനാലോ, അല്ലെങ്കിൽ കുട്ടി കരയുന്നുണ്ടെങ്കിൽ ആവശ്യക്കാർ സമയം തെറ്റി വന്നാൽ പോലും സാധ്യമായ സഹായങ്ങളൊക്കെ ചെയ്തു കൊടുക്കണം. ഇനിയതു സാധ്യമല്ലെങ്കിൽ വളരെ സംയമനത്തോടെ നല്ല രീതിയിൽ അവരോടു പെരുമാറുകയും സന്തോഷത്തോടെ അവർക്ക് മറുപടി നല്കുകയും ചെയ്യുക. അതുപോലെത്തന്നെ, സ്ത്രീകളുടെയും പുരുഷന്മാരുടെയും കുളിമുറികൾ ശുചിയാക്കുന്ന കാര്യത്തിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കുക.

ഈ ജൽസയിൽ പങ്കെടുക്കുന്നത് ഹൃദയത്തിൽ തഖ്‌വ സംജാതമാക്കുകയും തങ്ങളുടെ വൈജ്ഞാനികവും കർമപരവും ആദ്ധ്യാത്മികവുമായ ഉന്നമനത്തിനു വേണ്ടിയാണെന്ന കാര്യം ഓരോ അതിഥിയും ഓർക്കണം. ഈയൊരു ലക്ഷ്യം മുന്നിലുണ്ടെങ്കിൽ ഒരുവിധത്തിലുള്ള പരാതിയോ പരിഭവമോ ഉണ്ടാകുന്നതല്ല; പ്രവർത്തകരോട് വിശേഷിച്ചും.

ഇനി ജർമനിക്കാരായ അതിഥികൾ ഓർക്കേണ്ടത് ഒരു തരത്തിൽ അവർ അതിഥികളാണെങ്കിൽ മറ്റൊരു തരത്തിൽ അവർ ആതിഥേയരുമാണ്. പുറത്തു നിന്നു വരുന്നവർക്കു വേണ്ടി അവർ ത്യാഗം വരിക്കണം. ഇരിക്കാനിടം നല്കേണ്ടതാണ്; ഭക്ഷണം കഴിക്കുമ്പോൾ സ്ഥലം കുറവാണെങ്കിൽ അവർക്ക് സ്ഥലം നല്കുക; അതുപോലെ മറ്റുവല്ല സഹായത്തിന്റെയും ആവശ്യമുണ്ടെങ്കിൽ അതു നല്കാൻ നിങ്ങൾ ബാധ്യസ്ഥരാണ്. കൂടാതെ അനഹ്മദികളായ അതിഥികൾക്ക് നല്ല മാതൃകയാവുക. നിങ്ങളെല്ലാവരുടെയും മാതൃക കണ്ടു കൊണ്ട് മാത്രമേ വിനയത്തിന്റെയും സഹിഷ്ണുതയുടെയും പരസ്പരസ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും മാതൃകയായ ഇസ്‌ലാമിക സമൂഹത്തിന്റെ മനോഹര ദൃശ്യം അവർക്ക് ലഭിക്കുകയുള്ളു. അതുപോലെ ബസാറുകളിൽ അതിന്റേതായ സമയത്തു പോവുക. തങ്ങൾക്കു വിശക്കുന്നു, എന്തായാലും പോകണമെന്ന് ചിലർ ശാഠ്യം പിടിക്കാറുണ്ട്. ഭക്ഷണം വിളമ്പുന്ന വകുപ്പ് അതിനുള്ള ഏർപ്പാട് ചെയ്യേണ്ടതാണ്. സ്ത്രീകളുടെയും പുരുഷന്മാരുടെയും ബസാറുകളിൽ ജൽസയുടെ പരിശുദ്ധിയും അന്തരീക്ഷവും പരിഗണിച്ചു കൊണ്ടായിരിക്കണം നടത്തേണ്ടത്.

**ഖൂലുലിന്നാസി ഹുസ്നാ** എന്ന് ഞാൻ ആദ്യം പറഞ്ഞ ഖുർആനികധ്യാപനം പ്രവർത്തകർക്കു വേണ്ടി മാത്രമുള്ളതല്ല. ഓരോ മുസ്‌ലിമിനും വേണ്ടിയുള്ളതാണ്; പ്രത്യേകിച്ചും അഹ്മദികൾ ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്.

ഖുർആനികധ്യാപനങ്ങളനുസരിച്ച് സദ്സ്വഭാവത്തോടെ പെരുമാറുക. പങ്കെടുക്കുന്ന ഓരോരുത്തർക്കുമുള്ള ഖുർആനികധ്യാപനമാണിത്. ജൽസയുടെ സമയങ്ങളിൽ പ്രോഗ്രാം നടക്കുമ്പോൾ എഴുന്നേല്ക്കാൻ വല്ല നിലയിലും നിർബന്ധിതനായലല്ലാതെ ജൽസ പരിപാടികൾ കേൾക്കേണ്ടതാണ്. എല്ലാ പ്രസംഗങ്ങളിലും അഹ്മദികൾക്ക് അവരുടെ ജീവിതം മെച്ചപ്പെടുത്താനുതകുന്ന എന്തെങ്കിലുമൊക്കെയുണ്ടാകും. അതു പോലെത്തന്നെ ജൽസ വേളയിൽ അങ്ങോട്ടുമിങ്ങോട്ടും നടക്കുമ്പോഴൊക്കെ ദൈവസ്മരണയിലും ഇസ്തിഗ്ഫാറിലും മുഴുകേണ്ടതാണ്. വ്യക്തിപരവും ജമാഅത്തിപരവുമായ അവസ്ഥ മെച്ചപ്പെടുത്താനുള്ള മാർഗമാണത്. മുസ്‌ലിം സമൂഹം കടന്നു പോയിക്കൊണ്ടിരിക്കുന്ന അവസ്ഥ മെച്ചപ്പെടുന്നതിനു വേണ്ടി ദുആ ചെയ്യുക. അഹ്മദികൾക്കും ഭാരിച്ച ഒരു ഉത്തരവാദിത്തമുണ്ട്. നബി(സ)തിരുമേനിയുടെ മേൽ സ്വലാത്തും സലാമും ചൊല്ലുക. ഇസ്‌ലാമിന്റെ പുരോഗതിക്കു വേണ്ടി ദുആ ചെയ്യുക. നിങ്ങൾ ഈ രാജ്യങ്ങളിൽ വന്നു കൊണ്ട് സ്വന്തം ഭൗതികാഗ്രഹങ്ങൾ മാത്രം

നിവർത്തിക്കുന്നവരായിത്തീരരുത്. ഒരു പരിശുദ്ധമാറ്റം സ്വന്തം ഉള്ളിൽ സംജാതമാക്കാൻ ശ്രമിക്കുക. സ്വലാത്ത് കൂടാതെ ദിക്റുകളും നിങ്ങളുടെ നാവുകൾ സദാ ഉരുവിട്ടു കൊണ്ടിരിക്കട്ടെ. ജൽസയുടെ ഈ ലക്ഷ്യം കൈവരിക്കാനും ഇതിന്റെ അനുഗ്രഹങ്ങളിൽ ഭാഗഭാക്കാകുന്നതിനും അല്ലാഹുവിനോട് പ്രാർഥിക്കുക. അല്ലാഹു എപ്പോഴും തങ്ങളുടെ മക്കളെയും ഭർത്താക്കന്മാരെയും ദീനിൽ നിലനിർത്തണേ എന്ന് സ്ത്രീകൾ ദുആ ചെയ്യുക. ദീൻ പാഴായിപ്പോകുന്ന എല്ലാ അപകടസന്ധികളിൽ നിന്നും അല്ലാഹു രക്ഷിക്കുമാറാകട്ടെ. എപ്പോഴും നേർമാർഗത്തിൽ നടത്തട്ടെ. അല്ലാഹു എല്ലാവർക്കും ദൈവേച്ഛപ്രകാരം ജീവിതം നയിക്കാനുള്ള തൗഫീഖ് നല്കുമാറാകട്ടെ. വാഗ്ദത്ത മസീഹി(അ)ന്റെ പ്രസ്ഥാനത്തിൽ ഭാഗമാകുന്നതിന്റെ ആത്മാവ് ഉൾക്കൊണ്ടു കൊണ്ട് അതിന്റെ കടമ നിറവേറ്റാനുള്ള തൗഫീഖ് നല്കുമാറാകട്ടെ.

വാഗദത്ത മസീഹ്(അ) പറയുന്നു: തഖ്‌വ അവലംബിക്കാത്തിടത്തോളം നമ്മുടെ ജമാഅത്തിന് രക്ഷ ലഭിക്കുന്നതല്ല. അല്ലാഹു തന്റെ സംരക്ഷണത്തിൽ വെയ്ക്കുന്നതുമല്ല. വീടുകളെ ദൈവസ്മരണ കൊണ്ട് നിറക്കുക. ദാനധർമങ്ങൾ ചെയ്യുക. അല്ലാഹുവിന്റെ കാരുണ്യം ലഭിക്കുന്നതിന് പാപങ്ങളിൽ നിന്ന് വിട്ടു നില്ക്കുക. നാം ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ ആഗ്രഹമനുസരിച്ച് ജീവിതം നയിക്കുന്നവരാകട്ടെ. ജൽസയുടെ അനുഗ്രഹങ്ങൾ കരസ്ഥമാക്കുന്നവരാകട്ടെ. ജൽസയിൽ പങ്കെടുക്കുന്നവർക്കു വേണ്ടി വാഗ്ദത്ത മസീഹ്(അ) ചെയ്ത ദുആകളിൽ ഭാഗഭാക്കാകാൻ കഴിയുമാറാകട്ടെ. ഈ ദിനങ്ങളിലും വരും ദിനങ്ങളിലും നാം അതിന് അവകാശികളാകട്ടെ. അല്ലാഹു നമുക്ക് എപ്പോഴും നന്മകൾ ചെയ്യാനുള്ള തൗഫീഖ് നല്കുമാറാകട്ടെ.

Friday Sermon delivered by **Hadrath Khaleefathul Masih Al-khamis** (atba)
at Karlsruhe, Germany – on 07.09.18
Malayalam Translation : **Moulvi Arif Mohammad,** For Malayalam Desk,Qadian.
Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516